(ബി) പ്രീഡിഗ്രി ഇല്ലാതെ തുടങ്ങിയ മഞ്ചേരി യൂണിറ്റി കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ടീച്ചിംഗ് സ്റ്റാഫ് എത്ര; നോൺ ടീച്ചിംഗ് സ്റ്റാഫ് എത്രയെന്നു പറയാമോ;

(സി) ഈ അപേക്ഷകളിന്മേലുള്ള നിയമനത്തിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ അപേക്ഷകളിന്മേൽ എപ്പോൾ സർക്കാർ അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യൂണിറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിൽ എയിഡഡ് കോഴ്സുകളിലെ വർക്ക്ലോഡ് പ്രകാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും അവയിൽ നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാത്രമല്ല യൂണിറ്റി വിമൻസ് കോളേജിലെ എയിഡഡ് കോഴ്സുകളുടെയും വിദ്യാർത്ഥികളുടെ എണ്ണത്തിന്റേയും അടിസ്ഥാനത്തിൽ ഏഴ് പുതിയ അനദ്ധ്യാപക തസ്തികകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

ടീച്ചിംഗ് സ്റ്റാഫ്	-	5
നോൺ ടീച്ചിംഗ് സ്റ്റാഫ് (ടെക്നിക്കൽ അസിസ്റ്റന്റ്)	-	1

(സി & ഡി) ഇല്ല. അപേക്ഷകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാനുള്ളതുകൊണ്ട് അനുവാദം നൽകിയിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അനുമതി നൽകുന്നതാണ്.

കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക്കൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി

13 [310] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക്കിൽ സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാർ ഇക്കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക്കിൽ, കമ്പ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ്, മെഡിക്കൽ ഇലക്ട്രോണിക്സ്, ടെലികമ്മ്യൂണിക്കേഷൻ ടെക്നോളജി എന്നീ ശാഖകളിൽ 60 സീറ്റുകളിൽ വീതം പ്രവേശനം നടത്തുന്നതിന്, സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും, എ. ഐ. സി. റ്റി. ഇ. നിബന്ധന പ്രകാരം ആവശ്യമുള്ള കെട്ടിട സൗകര്യങ്ങളുടെ അഭാവത്തിൽ 30 വീതം സീറ്റുകളിൽ പ്രവേശനം നൽകുന്നതിനു മാത്രമേ എ. ഐ. സി. റ്റി. ഇ അനുവാദം നൽകിയിട്ടുള്ളു. പുതിയ ബ്ലോക്കിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ, 2006-07 വർഷം മുതൽ എ. ഐ. സി. റ്റി. ഇ.-യുടെ അനുമതിക്കു വിധേയമായി ടി ശാഖകളിൽ 45 സീറ്റുകളിൽ വീതം പ്രവേശനം നടത്താൻ സാധിക്കുന്നതാണ്.

വിവിധ സർവ്വകലാശാലകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പുതുതായി അനുവദിച്ച സീറ്റുകൾ

14 [311] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവധ സർവ്വകലാശാലകളിൽ പ്രൊഫഷണൽ, പ്രൊഫഷണൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിൽ പുതിയതായി എത്ര സീറ്റുകൾ അനുവദിച്ചു;

(ബി) ഈ കാലയളവിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എയിഡഡ് അൺ എയ്ഡഡ് കോളേജുകളിൽ പുതിയതായി എത്ര അദ്ധ്യാപകരെ നിയമിച്ചു;

(സി) ഈ കാലയളവിൽ ഗവൺമെന്റ് എയിഡഡ് കോളേജുകളിൽ ഡിഗ്രി പോസ്റ്റ് ഗ്രാഡുവേറ്റ് എന്നീ കോഴിസുകളിൽ എത്ര സീറ്റുകൾ അനുവദിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ എൻജിനീയറിംഗ് ഡിഗ്രി കോഴ്സുകളിൽ 13,113 സീറ്റുകളും പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിൽ 54 സീറ്റുകളും കൂടുതലായി അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ ഗ്രാഡുവേറ്റ് തലത്തിൽ വിവിധ എൻജിനീയറിംഗ് കോഴ്സുകളിൽ 16,639 സീറ്റുകളും വിവിധ സ്വാശ്രയ/എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് തലത്തിലുള്ള വിവിധ എൻജിനീയറിംഗ് കോഴ്സുകളിൽ 108 സീറ്റുകളും, എം. ബി. എ.-ക്ക് 1420 സീറ്റുകളും എം. സി. എ.- 1120 സീറ്റുകളും അനുവദിച്ചിട്ടുണ്ട്. വിവധ സർവ്വകലാശാലകളിൽ പുതുതായി അനുവദിച്ച സീറ്റുകളെക്കുറിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly